**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **18-09-2025 - ൽ മറുപടിയ്ക്ക്**

**മണ്ണാർമല എന്ന പ്രദേശത്തെ പുലി സാന്നിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മണ്ണാർമല എന്ന പ്രദേശത്ത് നിരന്തരം പുലിയുടെ സാന്നിധ്യം വ്യക്തമായ സാഹചര്യത്തിൽ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ആശങ്കയും ഭീതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഈസ്റ്റേൺ സർക്കിളിനു കീഴിലെ നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയിഞ്ച് പരിധിയിൽ വരുന്ന മണ്ണാർമല പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രദേശവാസികൾക്ക് ജാഗ്രതനിർദേശം നല്കുകയും നിരന്തര നിരീഷണവും രാത്രികാല പരിശോധനയും നടത്തിയിട്ടുണ്ട്. |
| (ബി) | പ്രശ്നപരിഹാരത്തിന് വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | National Tiger Conservation Authority (NTCA) യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടി പ്രദേശത്ത് ക്യാമറകൾ സ്ഥാപിച്ച് പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുള്ളതും ട്രാപ്പ് കേജുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റാഫിന്റേയും, ആർ.ആർ.ടി.യുടേയും, വെട്ടത്തൂർ ഒ.പി. സ്റ്റാഫിന്റേയും നേതൃത്വത്തിൽ രാത്രികാല പരിശോധനയും നിരന്തര നിരീക്ഷണവും നടത്തിവരുന്നുണ്ട്. |
| (സി) | പ്രദേശത്ത് നിരന്തരം പ്രത്യക്ഷപ്പെടുന്ന പുലിയെ പിടികൂടുന്നതിനും ജനങ്ങളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | National Tiger Conservation Authority (NTCA) യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടി പ്രദേശത്ത് ക്യാമറകൾ സ്ഥാപിച്ച് പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുള്ളതും ട്രാപ്പ് കേജുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റാഫിന്റേയും, ആർ.ആർ.ടി.യുടേയും, വെട്ടത്തൂർ ഒ.പി. സ്റ്റാഫിന്റേയും നേതൃത്വത്തിൽ രാത്രികാല പരിശോധനയും നിരന്തര നിരീക്ഷണവും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ